# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6066 07.07.2014-ലെ മറുപടിയ്ക്ക്

### എസ്.സി.പി/എസ്.ടി.പി ഫണ്ടുവിനിയോഗം സംബന്ധിച്ച യോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി | | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | 13-03-2013-ലെ സ.ഉ(സാധാ) നം.528/2013/തസ്വഭവ ഉത്തരവിന്റെ സാരാംശം വ്യക്തമാക്കുമോ; | (എ) | 13.03.2013-ൽ സ.ഉ(സാധാ) നം.528/2013/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 13.03.2013-ലെ സ.ഉ(സാധാ)നം.628/2013/തസ്വഭവ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന എസ്.സി.പി/ടി.എസ്.പി പ്രോജക്ടുകൾ എം.എൽ.എമാരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മേൽ ഉത്തരവനുസരിച്ച് ഏതൊക്കെ ജില്ലകളിൽ എത്ര പ്രാവശ്യം എസ്.സി.പി/എസ്.ടി.പി ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് എം.എൽ.എ-മാരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകം യോഗം വിളിച്ചുചേർത്തുവെന്ന് വെളിപ്പെടുത്തുമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി/ടി.എസ്.പി ഫണ്ട് വിനിയോഗം ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ വിലയിരുത്തിവരുന്നുണ്ടെങ്കിലും ഇതിനുവേണ്ടി പ്രത്യേകം യോഗം വിളിച്ചു ചേർത്ത് അവലോകനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ